പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2692 — 10.07.2015-ലെ മറുപടിക്ക്

## ക്ഷീരഗ്രാമ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ഹൈബി ഈഡൻ: | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) | ക്ഷീര ഗ്രാമ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. ക്ഷീരവികസനത്തിനുള്ള പ്രാദേശിക സാദ്ധ്യതകൾ കണക്കിലെടുത്ത് ഒരു പ്രദേശത്തിനുതകുന്ന ക്ഷീരോല്പാദനോപാധികൾ ഘടകങ്ങളായി ഉൾപ്പെടുത്തി സർക്കാർ അംഗീകരിക്കുന്ന പ്രത്യേക പദ്ധതിയാണ് ക്ഷീരഗ്രാമം പദ്ധതി. ടി പ്രദേശത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീരസംഘങ്ങൾ ശാക്തീകരിച്ച് വിപണനം വർദ്ധിപ്പിച്ച് കർഷകർക്ക് സ്വയംതൊഴിൽ സാദ്ധ്യതാവർദ്ധനവും ഉറപ്പാക്കുകയാണ് ലക്ഷ്യം. |
| (ബി) | പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ് ഗ്രാമപഞ്ചായത്ത് എന്നിവയെ ക്ഷീരഗ്രാമമാക്കുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും 18.84 ലക്ഷം രൂപ ടി പദ്ധതികൾ ആരംഭിക്കുന്നതിന് ചെലവാക്കുകയുമുണ്ടായി. |
| (സി) | ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (സി) | ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കാത്ത സ്ഥലങ്ങളിൽ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഫോഡർ ഡെവലപ്പ്മെന്റ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?. | (ഡി) | സർക്കാരിൽ നിന്ന് ഭരണാനുമതി നല്കുകയും അതിനനുസരിച്ച് ബന്ധപ്പെട്ട ജില്ലാ, ബ്ലോക്ക്തല ഓഫീസർമാർ മുഖേന നിർവ്വഹണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ